**താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി & നോഡൽ ഓഫീസറുടെ**
**(കോവിഡ് –19 –പ്രതിരോധനടപടികൾ) നടപടിക്രമം**

(ഹാജർ: ജയ്സെൻ എൻ ഡി)

വിഷയം :– താമരശ്ശേരി ഗ്രാമപഞ്ചായത്ത് – കോവിഡ് –19 ലോക്ക്ഡൗൺ പ്രഖ്യാപിച്ച ശേഷം മറ്റു ജില്ലകളിലെ സർക്കാർ ഓഫീസുകളിൽ ഹാജരാകാൻ കഴിയാത്ത ജീവനക്കാരെ ജോലിയ്ക്ക് നിയോഗിച്ചത് – രമ്യ സി എസ് (അസിസ്റ്റന്റ് എൽ എസ് ജി ഡി, ഗവ: സെക്രട്ടേറിയറ്റ്) എന്നവർക്ക് കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചുതല ഏൽപ്പിച്ച് ഉത്തരവ് നൽകുന്നു.

പരാമർശം:– ബഹു. കോഴിക്കോട്ട് ജില്ലാ കളക്ടറുടെ 22/05/2020 തീയ്യതിയിലെ ഡിസികെകെഡി/2803/2020–F3 നമ്പർ നടപടിക്രമം

---

നമ്പർ : ബി3.2913(10)/2020 തീയ്യതി 22/05/2020

---

സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം സ്വന്തം ഓഫീസുകളിൽ ജോലിയ്ക്ക് ഹാജരാകാൻ സാധിക്കാത്ത സർക്കാർ ജീവനക്കാർക്ക് കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വന്തം ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ റവന്യൂ ഓഫീസുകളിലോ പ്രവർത്തിക്കാമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹു. കോഴിക്കോട്ട് ജില്ലാ കളക്ടർ നൽകിയ പരാമർശം ഉത്തരവു പ്രകാരം താമരശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജോലിയ്ക്ക് നിയോഗിക്കപ്പെട്ട ശ്രീമതി രമ്യ സി എസ് (അസിസ്റ്റന്റ് 858797, എൽ എസ് ജി ഡി, ഗവ. സെക്രട്ടേറിയറ്റ്) എന്നവരെ ഈ ഓഫീസിൽ ജോലിയ്ക്ക് നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ടിയാൾ താഴെപ്പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്:

1. https://covid19jagratha.kerala.nic.in/ പോർട്ടലിൽ ലോഗിൻ ചെയ്ത് അതിൽ പ്രവാസികൾ, ഡൊമസ്റ്റിക്ക് പാസ്സിന് അപേക്ഷിച്ചിട്ടുള്ളവർ, എന്നിവരുടെ വിവരങ്ങൾ പ്രസ്തുത കക്ഷികളുമായി ഫോണിൽ ബന്ധപ്പെട്ട് അതാത് RRT കൾക്കും കൊറോണ കെയർ സെന്ററുകൾക്കും മാപ്പിങ് ചെയ്യൽ,
2. RRT കൾ യഥാസമയം വിവരങ്ങൾ റിമാർക്സിൽ രേഖപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കൽ,
3. RRT കൾ പ്രസ്തുത ഡാറ്റാ എൻട്രിയിൽ പിഴവുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് അതാത് RRT കളുമായി ബന്ധപ്പെട്ട് പരിഹാരനടപടികൾ ചെയ്യൽ.
4. കൂടാതെ അതാതു സമയം സെക്രട്ടറി ഏൽപ്പിക്കുന്ന കോവിഡ്–19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഇതര ജോലികൾ ചെയ്യൽ.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

സെക്രട്ടറി
താമരശ്ശേരി ഗ്രാമപഞ്ചായത്ത്

പകർപ്പ്:–
1. ശ്രീമതി. രമ്യ സി എസ് (അസിസ്റ്റന്റ് എൽ എസ് ജി ഡി, ഗവ: സെക്രട്ടേറിയറ്റ്)
2. ബഹു. ജില്ലാ കളക്ടർ, കോഴിക്കോട്ട്.
3. കരുതൽ/അധികം.